# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വിജ്ഞാപനം

## നമ്പർ.സി.എസ്.ഇ.ബി /എക്സാം/ 18-2010

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി

വിജ്ഞാപന തിയതി 29-11-2010 28-12-2010 വൈകുന്നേരം 5.00 മണി.

താഴെപ്പറയുന്ന സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**1. നിയമന രീതി.** നേരിട്ടുള്ള നിയമനം . പരീക്ഷാ ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടേയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന കൂടികാഴ്ചയുടേയും അടിസ്ഥാനത്തിൽ പരീക്ഷാ ബോർഡ് നൽകുന്ന ലിസ്റ്റിൽ നിന്നും സംഘങ്ങൾ തയ്യാറാക്കുന്ന റാങ്ക് ലിസ്ററ് പ്രകാരം.

**2. നിയമന അധികാരി.** ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ/ ബാങ്കുകൾ. .

## കാറ്റഗറി 2/2010 ജൂനിയർ ക്ലാർക്ക്

വിദ്യാഭ്യാസ യോഗ്യത: സഹകരണ നിയമവും ചട്ടവും പ്രകാരം എസ്.എസ്.എൽ.സി, അഥവാ തതുല്യ യോഗ്യതയും സബോർഡിനേറ്റ് പേഴ്സണൽ കോഓപ്പറേറ്റീവ് ട്രെയിനിംങ്ങ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ ഓപ്പറേഷൻ ) അല്ലെങ്കിൽ തത്തുല്യ യോഗ്യത. സഹകരണം ഐശ്ചികവിഷയമായി എടുത്ത ബി.കോം, ബി.എസ്.സി ബിരുദം/എച്ച്.ഡി.സി ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

| ക്രമ നമ്പർ | സംഘത്തിന്റെ പേര്, അഭിലഷണീയ അധിക യോഗ്യത | ഒഴിവുകളുടെ എണ്ണം, ശമ്പള-സ്കെയിൽ |
|---|---|---|
| 1 | മാടായി സഹകരണ റൂറൽ ബാങ്ക് ലിമിറ്റഡ്.നമ്പർ എഫ്. 1233<br>ഹെഡോഫീസ്, പഴയങ്ങാടി , കണ്ണൂർ 670 303<br>(കംപ്യൂട്ടർപരിജ്ഞാനം) ☎0497-2876835 | (5)<br>5335-11380 |

**1.** പ്രായപരിധി 1/1/2010 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ പട്ടിക ജാതി /പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും , മറ്റു പിന്നോക്കവിഭാഗത്തിനും, വിമുക്തഭടൻമാർക്കും മൂന്നു വർഷത്തെ ഇളവും, വികലാംഗർക്ക് 10 വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

**2.** ഏതെങ്കിലും ഒരു സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്ന ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത സംഘത്തിലെ ഇന്റർവ്യൂവിന് ലഭിക്കാവുന്ന പരമാവധി 15 മാർക്കിനു പുറമെ അധിക ആനുകൂല്യമായി 5 മാർക്ക് കൂടി ലഭിക്കുന്നതാണ്. അപേക്ഷാ ഫാറത്തിൽ സ്വന്തം ജില്ല വ്യക്തമാക്കേണ്ടതും ഇന്റർവ്യൂ സമയത്ത്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

3.പട്ടികജാതി/വർഗ്ഗ വിഭാഗക്കാർ 50 രൂപയും, മറ്റു വിഭാഗക്കാർക്ക് മറ്റുവിഭാഗക്കാർക്ക്( വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പെടെ എല്ലാവരും )150 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റാണ് അപേക്ഷാ ഫീസായി നൽകേണ്ടത്. അപേക്ഷാ ഫീസ് ക്രോസ്സ് ചെയ്ത് അക്കൗണ്ട് പേയി ഡിമാന്റ് ഡ്രാഫ്റ്റായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ അയക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ **www.csebkerala.org** എന്ന വെബ്സൈറ്റിലും പരീക്ഷാ ബോർഡ്, അതാതു സംഘങ്ങൾ / ബാങ്കുകൾ എന്നിവയിൽ നിന്നും ലഭ്യമാണ് അപേക്ഷയും അനുബന്ധങ്ങളും ബോർഡ് നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ തന്നെ **28-12-2010** വൈകിട്ട് 5 മണിയ്ക്കു മുൻപായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ലഭിക്കേണ്ടതാണ്.

4. അപേക്ഷയോടൊപ്പം വിദ്യാഭ്യാസയോഗ്യത, വയസ്സ് , ജാതി, വിമുക്തഭടൻ, വികലാംഗൻ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിരിക്കണം.

5.അപേക്ഷകൾ നേരിട്ടോ തപാൽ മുഖേനയോ സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് , കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ് ,ഓവർ ബ്രിഡ്ജ് , തിരുവനന്തപുരം 1 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ് .

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

സ്ഥലം : തിരുവനന്തപുരം

തീയതി : 29-11 -2010

ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം

**8.**

# അപേക്ഷ ഫാറത്തിന്റെ മാതൃക

1. ഉദ്യോഗാർത്ഥിയുടെ പേര് , ഇനിഷ്യൽ .(ഇംഗ്ലീഷിൽ) :
(മലയാളത്തിൽ) :

2. കത്തിടപാടുകൾ നടത്തേണ്ട മേൽ വിലാസം :
ജില്ല, പിൻകോഡ്,ഫോൺനമ്പർ എന്നിവ സഹിതം

ഉദ്യോഗാർത്ഥി 6 മാസത്തിനുള്ളിൽ എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ സ്വയം സാക്ഷ്യപ്പെടുത്തി പതിക്കേണ്ടതാണ്.

3. സ്ഥിരമായ മേൽവിലാസം :

4. പൗരത്വം, സംസ്ഥാനം, ജില്ല, താലൂക്ക് :
5. പിതാവിന്റേയോ / മാതാവിന്റേയോ / രക്ഷിതാവിന്റെയോ പേര് :
6. ജനന തീയതി : (അക്കത്തിലും, അക്ഷരത്തിലും) :
7. സ്ത്രീയോ,പുരുഷനോ ? :
8. മതം , ജാതി/ ഉപജാതി. :
9. പട്ടിക ജാതി / പട്ടിക വർഗ്ഗ/ മറ്റു പിന്നോക്ക സമുദായ അംഗമാണോ :
10. വിമുക്ത ഭടനാണോ :
11 വികലാംഗനാണോ :
12.. വിദ്യാഭ്യാസ യോഗ്യതകൾ

| ജെ.ഡി.സി / എച്ച്.ഡി.സി തത്തുല്യയോഗ്യത | ബിരുദം/ബിരുദാനന്തര ബിരുദം | ടൈപ്പ് റയിറ്റിംഗ് | ബിരുദത്തിൽ ജെ.ഡി.സി / എച്ച്.ഡി.സി ക്ക് തത്തുല്യമായ സഹകരണ യോഗ്യത |
|---|---|---|---|
| | | | |

13. അപേക്ഷിക്കുന്ന കാറ്റഗറി / തസ്തിക / സംഘത്തിന്റെ പേര്

| കാറ്റഗറി | തസ്തിക | ശമ്പള സ്കെയിൽ | സംഘത്തിന്റെ പേര് |
|---|---|---|---|
| 2/2010 | ജൂനിയർ ക്ലാർക്ക് | | 1. |

14 . വിജ്ഞാപനപ്രകാരം അടയ്ക്കേണ്ട തുക.

| D D നമ്പർ | ബ്രാഞ്ച് കോഡ് നമ്പർ | ബാങ്കിന്റെ പേര് | തീയതി | തുക |
|---|---|---|---|---|
| | | | | |

15 ഹാജരാക്കിയ രേഖയുടെ വിവരങ്ങൾ
1. വയസ്സ് തെളിയിക്കുന്നതിന്
2. ജാതി തെളിയിക്കുന്നതിന്
3 വിമുക്ത ഭടൻ തെളിയിക്കുന്നതിന്
4 വികലാംഗൻ തെളിയിക്കുന്നതിന്
5. യോഗ്യത തെളിയിക്കുന്നതിന്.
(സർട്ടിഫിക്കറ്റ് / പ്രൊവിഷനൽ സർട്ടിഫിക്കറ്റ് 1.
സ്വന്തമായി സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് സഹിതം) 2
3.

## പ്രതിജ്ഞ

മേൽപറഞ്ഞിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും ശരിയാണെന്നും , ആയത് തെളിയിക്കാൻ ആവശ്യമായ പ്രമാണങ്ങൾ എന്റെ പക്കലുണ്ടെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ഒപ്പ്

സ്ഥലം...................................

തീയതി.................................

ഉദ്യോഗാർത്ഥിയുടെ പേര്.